# 2

# ക്രിസ്തു നിമിത്തം എല്ലാവരിലേക്കും എത്തൽ

## (തിത്തൊസ് 2)

*"... നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ഉപദേശത്തെ സക ലത്തിലും അലങ്കരിക്കേണ്ടതിനു" (തിത്തൊസ് 2:10).*

കൊള്ളരുതാത്തവരും, അനുസരണം കെട്ടവരും, മ്ലേഛത പ്രവർ ത്തിക്കുന്നവരുമായ ആളുകൾക്കെതിരായി, തിത്തൊസ് മലിനതയെ "പത്ഥ്യോപദേശത്താൽ"[1] അതിജീവിക്കണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത് (2:1). സത്യത്താൽ മലിനപ്പെട്ടവർക്കു ശുദ്ധീകരിക്കപ്പെടാം!

എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ ദൈനന്തിന നടപ്പു പത്ഥ്യോപദേശമനുസരിച്ചു പ്രായോഗികമാക്കുവാനാണ് പൗലൊസ് നിർദ്ദേശിച്ചത് (2:1-10). എല്ലാ ക്രിസ്ത്യാനികളും അടിസ്ഥാനമായി നടക്കുന്നതു, അവൻ പറഞ്ഞു, ദൈവകൃപയാലാകുന്നു (2:11-15). ക്രേത്തർക്ക് ദുഷ്കീർത്തിയുണ്ടായിട്ടും, അവൻ ഊന്നി പറഞ്ഞതു *എല്ലാവർക്കും* രക്ഷ പ്രാപിക്കുവാൻ കഴിയുന്നതു ദൈവ കൃപയാലാണ് - അതുകൊണ്ട് *എല്ലാവരും* അവന്റെ ദൈവിക പദ്ധതിയിൽ പങ്കാളിയാകുന്നതിനുള്ള അവസരം സ്വീകരിക്കണം.

### പാഠം 3: സകല ക്രിസ്ത്യാനികളുടേയും നടപ്പു (2:1-10)

അദ്ധ്യായം 2 ലെ ഊന്നൽ നിർമ്മലമായ ഉപദേശം ശക്തമായി പ്രഖ്യാപിക്കണം എന്നു മാത്രമല്ല, അതു എല്ലാ പ്രായത്തിലുമുള്ള ആളുകളെ പ്രായോഗികമാക്കുവാൻ സഹായിക്കുന്ന രീതിയിൽ ഉറപ്പിക്കയും വേണം. ഇവിടെ, 1:5-ൽ പൗലൊസ് തിത്തൊസിനോടു "ക്രമപ്പെടുത്തുവാൻ" പറഞ്ഞിരിക്കുന്നതു പ്രത്യേക ഗ്രൂപ്പിലുള്ളവരെ ബന്ധപ്പെടുത്തിയാണ്, അതിൽ പ്രത്യേകിച്ചു പ്രായമായ പുരുഷന്മാരും (2:2), പ്രായമായവരും യുവതികളും ആയ സ്ത്രീകളും (2:3-5), യുവാക്കളായ പുരുഷന്മാരും

(2:6-8), ദാസന്മാരും (2:9, 10) ഉൾപ്പെടുന്നു. "ക്രമപ്പെടുത്തൽ" എന്ന ലക്ഷ്യം പത്ഥ്യോപദേശത്താൽ കൈവരിക്കുവാൻ കഴിയും.

## പ്രായമായ പുരുഷന്മാർ (വാ. 2)

ദൈവം പ്രായമായവരെയാണ് എല്ലായ്പ്പോഴും നയിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ളത് (നോക്കുക സംഖ്യാ പുസ്തകം 11:16, 17; യിരെമ്യാവു 19:1, 2). പക്വതയുള്ളവർ "നിർമ്മദരായിരിപ്പാൻ"[2] പൗലൊസ് ആഗ്രഹിക്കുന്നു (2:2). തന്റെ ജീവിതവും ബന്ധങ്ങളും ഉൾക്കൊള്ളുകയും അല്ലെങ്കിൽ സ്വീകരിക്കയും ചെയ്തിട്ടുള്ളതു സൂക്ഷിക്കുന്ന ഒരു മനുഷ്യനെയാണ് പ്രത്യേകിച്ചു ഈ വാക്കിലൂടെ വെളിപ്പെടുത്തുന്നത്.

പ്രായമായവർ തങ്ങളെ "ഉൽക്കൃഷ്ടരാക്കണം."[3] അങ്ങനെയുള്ളവൻ തിരിച്ചറിയേണ്ടത് നിലവാരം - നല്കുന്നവനായിട്ടാകണം. ഒരു സമൂഹം എങ്ങനെ നടക്കണമെന്നു പ്രോത്സാഹിപ്പിക്കുന്ന അവർ എത്ര പ്രാധാന്യമുള്ളവരാണ്!

അവൻ "ജിതേന്ദ്രിയനായിരിക്കണം."[4] ഈ ആത്മ - നിയന്ത്രണ മാതൃക അനുസരണം കെട്ട ബലഹീനതയുള്ള ആളുകളെ കൈകാര്യം ചെയ്യുവാൻ വളരെ വിലപ്പെട്ടതാണ്.

അവൻ "വിശ്വാസത്തിൽ ആരോഗ്യമുള്ളവൻ" ആകണം. വാക്യം 1-ൽ ഉപദേശത്തിനു ഉപയോഗിച്ച അതേ വാക്കാണ് പൗലൊസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (ഗ്രീക്ക്.: *ഹുജിയായിനോ*), ഈ സമയത്ത് അത് ഒരാളുടെ വിശ്വാസവുമായി ബന്ധപ്പെട്ടു പറഞ്ഞിരിക്കുന്നു. വിശ്വാസം ലോകത്തെ അതിജീവിച്ചു ജയിക്കുന്നതാകകൊണ്ട് (1 യോഹന്നാൻ 5:4), ലോകവഴികളിൽ നിന്നു ക്രേത്തരെ തിരിക്കേണ്ടത് തിത്തൊസിനെ സംബന്ധിച്ചു എത്ര പ്രാധാന്യമുള്ള കാര്യമായിരുന്നു (നോക്കുക റോമർ 4:20; 1 കൊരിന്ത്യർ 16:13; കൊലൊസ്യർ 2:7).

അവൻ "സ്നേഹത്തിൽ" ആരോഗ്യമുള്ളവൻ ആകണം (ഗ്രീക്ക്.: *അഗാപേ*). ജീവിതത്തിന്റെ പല വശങ്ങളും അനുകൂലമായി ഈ വാക്കിൽ ഉൾപ്പെടുന്നു. നിങ്ങളുടെ പേരോ (അല്ലെങ്കിൽ "ക്രിസ്ത്യാനി" എന്ന വാക്കോ) സ്നേഹത്തെ കുറിച്ച് 1 കൊരിന്ത്യർ 13:1-8-ൽ വിവരിച്ചിരിക്കുന്നതോടുകൂടി പ്രയോഗിക്കുക. മറ്റുള്ളവരുടെ ക്ഷേമം കരുതുന്ന ഏതൊരവസ്ഥയിലും തീർച്ചയായും പ്രകടമാക്കേണ്ടതാണ് സ്നേഹം. തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്ന മനോഹരമായ വാക്കാണത്; എന്നാൽ അതിന്റെ പ്രായോഗിക ഉപയോഗത്തിൽ, ഭാഷയിൽ ഇന്നു ഏറ്റവും മോശമായി ഉപയോഗിക്കുന്ന വാക്കുകളിൽ ഒന്നാണ് അത്.

"അശ്രാന്തപരിശ്രമത്തിൽ" അവൻ ആരോഗ്യമുള്ളവനാകണം. പക്വത ലഭിക്കേണ്ടതിനുള്ള പരീക്ഷണങ്ങളിലൂടെ അവർ കടന്നു പോകുമ്പോൾ ആ നിരന്തര പരിശ്രമമുള്ളവൻ അവരോടൊപ്പം നില്ക്കും.

## പ്രായമായവരും യുവതികളുമായ സ്ത്രീകൾ (വാ. 3-5)

സ്ത്രീകൾ ഉപദേശപരമായ കാര്യങ്ങളിൽ പുരുഷന്മാർക്കു കീഴ്പ്പെട്ടിരിക്കേണ്ടവരായതുകൊണ്ട്,[5] പ്രായമായ സ്ത്രീകൾ യുവതികൾക്ക് പഠ

നത്തിനും സത്യം പങ്കിടുന്നതിനും വളരെ അനുഗ്രഹം ആയിരിക്കും. ഹന്നയെ പോലെയും (ലൂക്കൊസ് 2:36–38) ലോവിസിനെ പോലെയും (2 തിമൊഥെയൊസ് 1:5) പ്രിസ്ക്കില്ലയെ പോലെയും (പ്രവൃത്തികൾ 18:24–26) ഉള്ള സ്ത്രീകൾ രക്ഷകനുവേണ്ടി ആത്മാക്കളെ പക്വതയാർജ്ജിക്കുവാൻ വളരെ സഹായകരമായി തീർന്നിട്ടുണ്ട്. പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ദൈവഭക്തിയുള്ള സ്ത്രീകൾ, ദൈവ രാജ്യം വ്യാപിപ്പിക്കുന്നതിനു സഹായകരമായിരിക്കുമെന്നു, കർത്താവിനു അറിയാമായിരുന്നു (ലൂക്കൊസ് 13:21; ഗലാത്യർ 5:9).

**പ്രായമായ സ്ത്രീകൾ (2:3, 4)**

1. പെരുമാറ്റത്തിൽ "ബഹുമാനിക്കപ്പെടേണ്ടവരാണ്"[6] പ്രായമായ സ്ത്രീകൾ. ഇതു അവരെ തങ്ങളുടെ സൃഷ്ടാവിങ്കലേക്കു അടുപ്പിക്കുന്നു (നോക്കുക യാക്കൊബ് 4:8; സദൃശവാക്യങ്ങൾ 31:30).

2. പ്രായമായ സ്ത്രീകൾ അവരുടെ സമയമോ മനോഭാവമോ "ദുഷിച്ച പരദൂഷണത്തിനായി" വിട്ടുകൊടുക്കരുത്. പ്രായമുള്ള സ്ത്രീകൾക്ക് കൂടുതൽ അഭിപ്രായങ്ങളും അവർക്കു കൂടുതൽ സംസാരിക്കുവാൻ സമയവും കാണും. ഈ രണ്ടു സാധ്യതകളും പരദൂഷണമനോഭാവത്തിലേക്കു തിരിയാതെ സൂക്ഷിക്കണമെന്നു പൗലൊസ് പറഞ്ഞിരിക്കുന്നു!

3. പ്രായമായ സ്ത്രീകൾ "വീഞ്ഞിനു അടിമപ്പെടുകയുമരുത്." അടിമപ്പെടൽ എന്ന വാക്ക് ഇവിടെ ഒരു വ്യക്തി അതിനെ നിയന്ത്രിക്കുന്നതിനു പകരം വീഞ്ഞ് അഥവാ മദ്യം വ്യക്തിയെ നിയന്ത്രിക്കുവാനിടയാകും എന്ന് സൂചിപ്പിക്കുന്നു (സദൃശവാക്യങ്ങൾ 20:1; 23:29–35). മദ്യപാനിയായ *ഒരുവൻ* ഈ വാക്യത്തെ അതിലംഘിക്കുകയാണ്. ഒന്നാം - നൂറ്റാണ്ടിൽ വീഞ്ഞിനു സാധാരണ ഔഷധ ഉപയോഗമുണ്ടായിരുന്നു (1 തിമൊഥെയൊസ് 5:23). ഇന്നു, *ഒരു ക്രിസ്ത്യാനി അത് ഒട്ടും ഉപയോഗിക്കാതിരിക്കുന്നതിലാണ് സ്വാധീനശക്തിയുള്ളത്* (റോമർ 14:21).

4. "നന്മ ഉപദേശിക്കുന്നവരാകണം" പ്രായമായ സ്ത്രീകൾ. (ലൂക്കൊസ് 2:36–38; പ്രവൃത്തികൾ 21:8, 9; ഫിലിപ്പിയർ 4:2, 3; എബ്രായർ 5:11–14 എന്നിവ പരിഗണിക്കുക.) പൗലൊസിന്റെ വിവരണത്തിൽ ചില സ്ത്രീകൾ വലിയ ഉപദേശം നടത്തിയവരായി അവൻ പറഞ്ഞിട്ടുണ്ട്. ഓരോ സമൂഹവും ഇടവകയും തങ്ങളുടെ ദൈവഭക്തിയുള്ള സ്ത്രീകളുടെ പ്രാഗത്ഭ്യം മനസ്സിലാക്കി ദൈവം അവരുടെ ആ കഴിവുകൾ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നതിനെ തിരിച്ചറിയിക്കണം. ഇവിടെ പൗലൊസിന്റെ ചുമതലയിൽ പരസ്യപ്രസംഗത്തിലുപരിയായ കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

5. പ്രായമായ സ്ത്രീകൾ "പ്രോത്സാഹിപ്പിക്കണം"[7] (2:4). ആ വാക്ക് നൽകുന്ന "പിന്തുടർന്നു" ചെയ്യേണ്ട മാതൃക സൂചിപ്പിക്കുന്നത് പഠിപ്പിച്ച സത്യം അനുഷ്ഠിക്കുന്നു എന്നു കാണുന്നതാണ്. ശക്തവും സന്തോഷകരവുമായ കുടുംബങ്ങൾക്ക് അടിസ്ഥാനമിടാൻ, യുവതികളായ സ്ത്രീകളുടെ നടപ്പും സ്വഭാവവും രൂപപ്പെടുത്തി ശരിയാക്കി കൊണ്ടു പോകണം. അടുത്ത ഭാഗത്തു അത്തരം പരിശീലനത്തിന്റെ പ്രത്യേകത

കൾ പൗലൊസ് നല്കുന്നുണ്ട്.

**യൗവ്വനക്കാരത്തികളായ സ്ത്രീകൾ (2:4, 5)**

1. യൗവ്വനക്കാരത്തികളായ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെയും മക്കളെയും “സ്നേഹിക്കണം.”[8] ഒരു ഭാര്യയും അമ്മയും സ്നേഹിത കൂടെ ആകണം. അവൾ ഭർത്താവിനോടും മക്കളോടും കൂടെ ആത്മാർത്ഥമായി സന്തോഷിക്കണം. സന്തോഷത്തോടെ അവൾ തന്റെ ഭർത്താവിനും മക്കൾക്കും വേണ്ട ശുശ്രൂഷ ചെയ്യുമ്പോഴാണ് ആ കുടുംബം അനുഗ്രഹിക്കപ്പെടുന്നത്.

2. യൗവ്വനക്കാരത്തി സ്ത്രീകൾ “സുബോധം” ഉള്ളവരാകണം (2:5). ആ വാക്കിൽ ഒരാളുടെ ഇന്ദ്രിയങ്ങളെ ബോധത്തിലാക്കുന്നതോടൊപ്പം, ആഗ്രഹങ്ങളും ആവേശങ്ങളും നിയന്ത്രിക്കുന്നതും കൂടി ഉൾപ്പെടുന്നു.

3. യൗവ്വനക്കാരത്തി സ്ത്രീകൾ “നിർമ്മലരായിരിക്കണം.”[9] ഒരു സമയത്തു ഒരു രാജ്യത്തിൽ സ്ത്രീകളിൽ 7-ൽ 1 ഗർഭിണികളായിരിക്കുമ്പോൾ വിവാഹം കഴിക്കയും ഓരോ വർഷവും ദശലക്ഷക്കണക്കിനു ഭ്രൂണഹത്യകൾ നടക്കുകയും ചെയ്തിരുന്നു, ഇത്തരം പ്രാകൃത സ്വഭാവത്തിനെതിരെ ദൈവഭക്തിയുള്ള പ്രായമായ സ്ത്രീകളുടെ ഉപദേശം *അടിയന്തിരമായ ആവശ്യമാണ്.* നിർമ്മലത എങ്ങനെ പരിശീലിക്കണം എന്നു യൗവ്വനക്കാരത്തികളെ പ്രായമായ സ്ത്രീകൾ പഠിപ്പിക്കണം. വിവാഹം കഴിക്കുന്നതിനു മുൻപു ഇന്നത്തെ യുവതികളെ പഠിപ്പിക്കേണ്ട വേദഭാഗങ്ങളാണ് സദൃശവാക്യങ്ങൾ 5:1-23; 6:20-35; 7:1-27; 9:13-18; 1 തിമൊഥെയൊസ് 5:5-15; 1 തെസലൊനിക്യർ 4:3-7; കൂടാതെ വെളിപ്പാട് 2:20-23 തുടങ്ങിയവ.

4. “വീട്ടുകാര്യങ്ങൾ” നോക്കുന്നവരായിരിക്കണം യുവതികളായ സ്ത്രീകൾ. അതിൽ എടുക്കേണ്ടതായ കരുതലും ചെയ്യേണ്ട ജോലികളും ഉൾപ്പെടുന്നു. വീടു ശ്രദ്ധിക്കാത്ത സ്ത്രീകൾ ജോലി - തിരിച്ചു വിടുന്നവരായി തീരും. എന്നാൽ സദൃശവാക്യങ്ങൾ 31:10-31 വ്യക്തമാക്കുന്നതു ദൈവഭക്തിയുള്ള സ്ത്രീകൾ വീടിനു പുറത്തും കാണപ്പെടുന്നു എന്നാണ്, എന്നാൽ വീടിനുള്ളിൽ സ്ത്രീയെ ഏല്പിച്ചിരിക്കുന്ന ജോലിയുടെ പ്രാധാന്യം അവർ ഓർമ്മിക്കണം.

നമ്മുടെ നന്മക്കും സന്തോഷത്തിനും വേണ്ടിയാണ്, വീടും അതിലെ സ്ത്രീകളുടെ പങ്കും, ദൈവം വെച്ചിരിക്കുന്നത്. ഇതു സ്ത്രീകൾ വിശ്വസിക്കുകയും ബഹുമാനിക്കയും ചെയ്യണം, അതു ചെറുപ്പക്കാരായാലും പ്രായമായവരായാലും ശരിയാണ്. ഇതല്ലാതെ മറ്റൊരു വഴിയിലും യേശു വന്നു സാധ്യമാക്കിയ സമൃദ്ധമായ ജീവൻ ലഭിക്കുവാൻ മാർഗ്ഗമില്ല.

5. യൗവ്വനക്കാരത്തി സ്ത്രീകൾ “ദയയുള്ളവർ” ആകണം. ചില ഭാര്യമാരും അമ്മമാരും ഇന്നു വിചാരിക്കുന്നതു അവർ വീടു സൂക്ഷിക്കുന്നതിനോ, തറ വൃത്തിയാക്കുന്നതിനോ, ആഹാരം പാചകം ചെയ്യുന്നതിനോ, കുട്ടികളെ പോറ്റിവളർത്തുന്നതിനോ, പറ്റിയവരല്ല എന്നാണ്! അവർ വീട്ടു ജോലികൾ ചെയ്യുന്നവരാകണം എന്നു കല്പിച്ച ഉടനെ പൗലൊസ് നിർദ്ദേശിക്കുന്നതു, അവർ ദയയുള്ളവരാകണം എന്നാണ്, അതു സൂചിപ്പിക്കുന്നതു അവർ ആ ജോലി സന്തോഷത്തോടെ ചെയ്യണം എന്നാണ്.

6. യൗവ്വനക്കാരത്തി സ്ത്രീകൾ അവരുടെ ഭർത്താക്കന്മാർക്കു "കീഴ്പ്പെട്ടിരിക്കണം."[10] പൗലൊസ് എഫെസ്യർ 5:22–24–ൽ എഴുതി, "ഭാര്യമാരേ, കർത്താവിനു എന്ന പോലെ, സ്വന്തഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ, ഭർത്താവു ഭാര്യക്കു തലയാകുന്നു, ... എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ, ഭാര്യമാരും സകലത്തിലും ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കേണം."[11]

പൗലൊസ് ഒരു മുന്നറിയിപ്പും ചേർക്കുന്നുണ്ട്. ഈ സ്ത്രീകളുടെ ഉപദേശവും, പരിശീലനവും, പ്രയോഗിക്കലും അവന്റെ നിർദ്ദേശപ്രകാരമല്ലെങ്കിൽ, അവർ ദൈവവചനത്തെ "മാനിക്കാതിരിക്കയായിരിക്കും."[12] (ശ്രദ്ധിക്കുക 1 പത്രൊസ് 3:1–6; 2:11, 12.)

ചില സ്ത്രീകൾ ഇന്നു പറയുന്നതു ഈ തത്വങ്ങൾ കാലഹരണപ്പെട്ടു എന്നോ അല്ലെങ്കിൽ പൗലൊസ് "സ്ത്രീ - വിദ്വേഷി" ആയിരുന്നു എന്നോ ആണ്. അവർ ദൈവവചനം മനസ്സിലാക്കാതെ നിന്ദ്യമായി സംസാരിക്കുകയായിരിക്കാം. ദൈവവചനത്തെ ദുഷിക്കുന്നതു ചെറിയ കുറ്റമല്ല! കൂടാതെ, സ്ത്രീകൾ ദൈവശ്വാസിയമായ ഉപദേശങ്ങളെ ഉപേക്ഷിക്കുമ്പോൾ, അവർ കുടുംബ പോരാട്ടങ്ങൾക്കും, വ്യക്തിപരമായ വഴക്കുകൾക്കും, ഹൃദയങ്ങൾ നുറുങ്ങപ്പെടുന്നതിനും കാരണക്കാരാകുന്നു.

**യൗവ്വനക്കാരായ പുരുഷന്മാർ (വാ. 6-8)**

യുവാക്കളായ പുരുഷന്മാർക്കുള്ള പൗലൊസിന്റെ ലിസ്റ്റ് തുല്യമായ വെല്ലുവിളി നല്കുന്നതാണ്. ഊന്നൽ കൊടുത്തിരിക്കുന്ന ചിലതു കെട്ടിമറിഞ്ഞു കിടക്കുന്നു. മൂന്നു പ്രാവശ്യം (2:2, 5, 6), ഈ ദാസന്മാർ ദൈവത്തിനുവേണ്ടി "സുബോധം ഉള്ളവരായിരിക്കുവാൻ" പറഞ്ഞിട്ടുണ്ട്! ഇതു ജിതേ - ന്ദ്രിയന്റെ മൂല്യത്തെ ഉണർത്തുന്നു, എല്ലാ പ്രായത്തിലുമുള്ളവർക്കു ഈ യോഗ്യത ആവശ്യമാണ് (നോക്കുക ഗലാത്യർ 5:22).

തിമൊഥെയൊസ് ഒരു യുവാവായ പുരുഷനായിരുന്നു. അതുകൊണ്ടു, പൗലൊസ് ഇവിടെ രണ്ടാം വ്യക്തി ഏകവചനം ആണ് ഉപയോഗിച്ചിരിക്കുന്നത് - "നിന്നെത്തന്നെ മാതൃകയാക്കിക്കൊൾക." ഏതെങ്കിലും ഒരു യുവാവായ സുവിശേഷകൻ ഇതേ നിലവാരം കാണിക്കാതെ മറ്റുള്ളവരിൽ അവകാശങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ അവർ കേൾവിക്കാരിൽ നിന്നു ബഹുമാനമോ സഹകരണമോ പ്രതീക്ഷിക്കേണ്ട (നോക്കുക റോമർ 2:17–24).

പൗലൊസ് യുവാക്കളായ പുരുഷന്മാരോടു ആദ്യം പറഞ്ഞ പ്രസ്താവനയിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. വാക്യം 7 പറയുന്നു, "നിന്നെത്തന്നെ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക."

1. "കാണിക്ക"[13] എന്ന വാക്ക് പ്രാധാന്യമുള്ളതാണ്. ഒരു സുവിശേഷകൻ ആളുകൾക്കിടയിൽ പ്രവർത്തിക്കുന്നവനാണ്, അയാൾക്കു ചിലതു അവരോടു പറയുവാനും കാണിക്കുവാനും ഉണ്ട്. ചിലതു പറയുക എന്നതും പറയുവാൻ ചിലതു ഉണ്ടാകുക എന്നതും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. പൗലൊസ് പറഞ്ഞതു ഇപ്പോൾ "കാണിക്കുകയും പറയുകയും - ചെയ്യേണ്ട സമയമാണ്."

2. സുവിശേഷകൻ ഒരു *മാതൃക* കാണിക്കുന്നു. അവന്റെ കാലടികളെ പറ്റിയാൽ ആളുകൾ നന്നായി വരും. ഈ മൂന്നു വേഭാഗങ്ങൾ ശ്രദ്ധിച്ചു നോക്കുക: 1 പത്രൊസ് 2:21–24; 1 കൊരിന്ത്യർ 11:1; 1 തിമൊഥെയൊസ് 4:12–16.

3. ആളുകൾ അയാളുടെ "സൽപ്രവൃത്തികൾ" നോക്കുന്നു (മത്തായി 5:16; എഫെസ്യർ 2:10; ഗലാത്യർ 6:9, 10). പൗലൊസ് ഈ ലേഖനത്തിലെ "സൽപ്രവൃത്തികൾ" എന്ന ആശയത്തിൽ നിന്നു അകന്നു പോകുന്നില്ല (2:14; 3:1, 8, 14).

"നിർമ്മലതയോടെ" ആയിരിക്കണം ഉപദേശം നല്കേണ്ടത്. സത്യം ഒരിക്കലും താറടിക്കപ്പെടുകയോ, കാലോചിതമല്ലാതാകുന്നതോ, നശിപ്പിക്കുന്നതോ, അല്ലെങ്കിൽ ഒഴിഞ്ഞു പോകുന്നതോ അല്ല (മത്തായി 24:35; യോഹന്നാൻ 12:48). എന്തുകൊണ്ടാണ് നാം സത്യമല്ലാതെ മറ്റൊന്നും പഠിപ്പിക്കുവാൻ ആഗ്രഹിക്കാത്തത്? ലോകവും ലോകത്തിന്റെ എല്ലാ തത്വങ്ങളും ഒഴിഞ്ഞുപോകും, ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും (1 യോഹന്നാൻ 2:17). ഉത്സാഹത്തോടെ സൽപ്രവൃത്തികൾ ചെയ്യുന്നവനും സ്ഥിരമായി പത്ഥ്യോപദേശം സംസാരിക്കയും ചെയ്യുന്നവൻ (ദുരുപദേശത്തിനു വിപരീതമായി) "ഉൽക്കൃഷ്ടനാകും."

ഈ വിശേഷഗുണങ്ങൾ എല്ലാം ഒരു സഹോദരനെ "സംസാരത്തിൽ ആരോഗ്യമുള്ളവനും അനിന്ദ്യനും" ആക്കും. *പൗലൊസ് ആരംഭിക്കുന്നതു ആജ്ഞാരൂപത്തിലുള്ള ആരോഗ്യകരമായ ഉപദേശത്തോടുകൂടെയാണ് (2:1) അതേ ഊന്നലോടുകൂടെയാണ് അവസാനിപ്പിക്കുന്നതും, ഉപദേശപരമായ ഒരു ജീവിത രീതിയും സംസാരവും നിർബന്ധമാണെന്നും കൂടി പറയുന്നു.*

സത്യം ഉപദേശിക്കുന്നതിൽ ഒരു സുവിശേഷകന്റെ പങ്ക് വില്യം ബാർക്ക്ലേ ചുരുക്കി പറഞ്ഞിരിക്കുന്നു:

> (i) അവന്റെ ഉദ്ദേശങ്ങൾ തികച്ചും ശുദ്ധമാണ് എന്നു വ്യക്തം. ക്രിസ്തീയ ഉപദേഷ്ടാവും പ്രാസംഗികനും എല്ലായ്പ്പോഴും ചില പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. സ്വയം - കാണിക്കുന്നതു എല്ലായ്പ്പോഴും അപകടകരമായിട്ടുണ്ട്. ഒരാളുടെ സാമർത്ഥ്യവും ജ്ഞാനവും വിവേകവും പ്രകടിപ്പിക്കുവാൻ എല്ലായ്പ്പോഴും. പരീക്ഷിക്കപ്പെടും. ദൈവ സന്ദേശത്തിലേക്കു ആകർഷിക്കുന്ന രീതിയിൽ സംസാരിക്കുന്നതിനേക്കാൾ തന്നിലേക്ക് ആകർഷിക്കപ്പെടണം എന്ന പരീക്ഷണം ഉണ്ടായേക്കാം. എല്ലായ്പ്പോഴും അധികാരത്തിനു വേണ്ടിയുള്ള പരീക്ഷണങ്ങളും ഉണ്ടാകും. സ്വേച്ഛാധികൻ ആകുവാൻ ഉപദേഷ്ടാവിനു, പ്രാസംഗികനു, ... സുവിശേഷകനു പരീക്ഷണം എപ്പോഴും ഉണ്ടാകാം. അദ്ധ്യക്ഷനായ ഒരാൾ, ഒരിക്കലും ഒരു സ്വേച്ഛാധിപതി ആകരുത്. ...
>
> (ii) അയാൾക്കു അന്തസ്സുണ്ടായിരിക്കണം. അന്തസ് അകൽച്ച, അല്ലെങ്കിൽ ഗർവോ, അഹങ്കാരമോ അല്ല. ക്രിസ്തുവിന്റെ സ്ഥാനാപതിയായി ഭയങ്കരമായ ഉത്തരവാദിത്തം ബോധപൂർവ്വം ചെയ്യുന്നതാണ് അന്തസ്. മറ്റു പുരുഷന്മാർ അല്പത്വത്തിലേക്കു ചാഞ്ഞേ

ക്കാം; അയാൾ അതിനു മുകളിലാകണം.... മറ്റുള്ളവർ എതിർപ്പു എടുത്തേക്കാം, അല്ലെങ്കിൽ അവരുടെ സ്ഥാനവും നേട്ടവുമായിരിക്കും നോക്കുന്നത്; അതിനു ഒരു സ്ഥാനമുണ്ട് എന്നു മറന്നു പോകുന്ന താഴ്മത്വം അയാക്ക് വേണം. ...

(iii) അയാൾക്ക് പത്ഥ്യമായ ഒരു സന്ദേശം ഉണ്ടായിരിക്കണം. ക്രിസ്ത്യൻ ഉപദേഷ്ടാവു അല്ലെങ്കിൽ പ്രാസംഗികൻ സുവിശേഷ സത്യമാണ് പ്രചരിപ്പിക്കേണ്ടത് അല്ലാതെ തന്റേതായ ആശയമല്ല. പാർശ്വ - പ്രശ്നങ്ങളിൽ സമയം ചെലവഴിക്കുന്നതിനേക്കാൾ ഒരു ഉപദേഷ്ടാവിനു എളുപ്പം മറ്റൊന്നില്ല.... അയാൾ തന്റേതായ ആശയങ്ങളെ പ്രചരിപ്പിക്കയോ അല്ലെങ്കിൽ ഒരു ഭാഗത്തിന്റെ താല്പര്യ പ്രകാരം പ്രസംഗിച്ചാൽ, അയാൾ ദൈവവചനം ഫലപ്രദമായി പ്രസംഗിക്കുന്ന ആളാകയില്ല.

തിത്തൊസിൽ ഭരമേല്പിച്ച ജോലി ഭാരിച്ചതാണ്, അത് ക്രിസ്തുവിനെ കുറിച്ചു പറയുന്നതായിട്ടല്ല, പക്ഷെ ക്രിസ്തുവിനെ ആളുകൾക്കു കാണിച്ചുകൊടുക്കുക എന്നതായിരുന്നു....

ഒരു ഉപദേഷ്ടാവിനു നല്കുന്ന ഏറ്റവും വലിയ അഭിനന്ദനം അവനെ കുറിച്ചു പറയുന്നത്: “ആദ്യം അയാൾ ചെയ്യപ്പെട്ടു, പിന്നെ പഠിപ്പിച്ചു” എന്നായിരിക്കണം.[14]

ഒരു സുവിശേഷകൻ ആദ്യം ജനങ്ങൾക്കു *മാതൃക* നല്കണം, പിന്നീട് *വിശദീകരണം* നല്കുക, അതു തീർച്ചയായും, *സത്യത്തിന്റെ* വിശദീകരണം ആകും!

## ദാസന്മാർ (വാ. 9, 10)

ഏതൊരു നിലയിലും എല്ലാ നിലയിലും ക്രിസ്തീയ നടപ്പിലൂടെ ആദരിക്കത്തക്ക ബന്ധത്തിലും യോജിപ്പിലും, ഏതൊരു സാമൂഹ്യ വ്യവസ്ഥിതിയിലും പ്രായോഗികമാക്കാവുന്നതാണ് ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതി. മത്തായി 20:26-28 ഉം ഗലാത്യർ 3:26-28 ഉം അവരെ അന്യോന്യം ആളുകളെ യോജിപ്പിക്കുന്ന അവരെ സ്നേഹത്തിലേക്കു നയിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നല്കുന്നു (യോഹന്നാൻ 13:34, 35). ക്രിസ്തീയ ദാസന്മാരോടു അവരുടെ പങ്ക് ആദരണീയമായി നിറവേറ്റുവാനാണ് വാക്യം 9 ഉം 10 ഉം ആവശ്യപ്പെടുന്നത്.

ദാസന്മാർ യജമാനന്മാർക്കു, “കീഴ്പ്പെട്ടിരിക്കണം.” ഇതേ മനോഭാവമാണ് 2:5 ഉം ആവശ്യപ്പെടുന്നത്. അതു പ്രത്യേകിച്ചു ഈ ബന്ധത്തിൽ പ്രായോഗികമാണ്, കാരണം ദാസന്മാർ യജമാനന്റെ ഉപദേശത്തോടു പറ്റിച്ചേർന്നിരിക്കണം. എന്റെ വെല്ല്യപ്പന്റെ അപ്പനെ കുറിച്ച് കുടുംബത്തിൽ ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്, അദ്ദേഹം തന്റെ കൃഷിസ്ഥലത്ത് ജോലിക്കാരെ അന്വേഷിക്കുകയായിരുന്നു. അദ്ദേഹം ജോലിക്കാരനോടു ഒരു ഭാഗത്ത് കിടക്കുന്ന കല്ലുകളെല്ലാം വേലിക്കരികിൽ കൊണ്ടിടുവാൻ പറഞ്ഞു. അതു തീർന്നു കഴിയുമ്പോൾ, അദ്ദേഹത്തിന്റെ മനസു മാറി അതങ്ങനെ വേണ്ടെന്നും അവയെല്ലാം തിരികെ കൊണ്ടിടുവാനും പറയും. ഇങ്ങനെ അദ്ദേഹത്തിന്റെ മനസു മാറി മൂന്നു പ്രാവശ്യം ആ ജോലി ചെയ്യി

ച്ചു. ജോലിക്കു വന്നവരിൽ മിക്കവരും ഒന്നുകിൽ ദേഷ്യപ്പെട്ടു പോകുകയോ അല്ലെങ്കിൽ വെല്ല്യപ്പന്റെ – അപ്പനോടു എപ്പോഴെങ്കിലും മനസു സാധാരണ രീതിയിലായിട്ടു ജോലിക്കു വിളിക്കുവാൻ പറഞ്ഞിട്ടു പോയി. ഒരു ജോലിക്കാരൻ തന്റെ ജോലിയായി കല്ലുകൾ മൂന്നു പ്രാവശ്യവും ഇട്ടുകഴിഞ്ഞു വീണ്ടും നാലാമത്തെ പ്രാവശ്യവും കൊണ്ടിട്ടു. അയാൾ ഒന്നും പറയാത്തതെന്തെന്നു ചോദിച്ചപ്പോൾ, അയാൾ പറഞ്ഞ മറുപടി, “മുതലാളി, ആ കല്ലുകളും പുരയിടവും നിങ്ങളുടേതാണ്. ദിവസം മുഴുവനും ആഴ്ച്ച മുഴുവനും അങ്ങനെ ചെയ്യുവാൻ പറഞ്ഞാലും ഞാൻ അതു ചെയ്യും, കാരണം അത് നിങ്ങളുടെ കാര്യവും ഇത് എന്റെ ജോലിയുമാണെന്നു ഞാൻ കരുതുന്നു.” എന്റെ വെല്ല്യപ്പന്റെ – അപ്പൻ ആ മനുഷ്യനെ ജോലിക്കാരനായി നിയമിച്ചു, കാരണം കീഴ്പ്പെടൽ എന്താണെന്നു അയാൾക്ക് അറിയാമായിരുന്നു.

ദാസന്മാർ “നന്നായി – പ്രസാദിപ്പിക്കുന്നവരായിരിക്കണം.” “സകലത്തിലും” അവർ തങ്ങളുടെ യജമാനനെ സന്തോഷത്തോടെയും നല്ല – മനസ്സോടെയും സേവിക്കണം. ആ സ്വഭാവവിശേഷത ജോലിക്കാരൻ/ ജോലി ചെയ്യിപ്പിക്കുന്നവൻ എന്നീ ബന്ധത്തിലും പ്രയോഗിക്കാവുന്നതാണ്. മേലധികാരികളുടെ സാന്നിധ്യത്തിൽ നന്നായി – പ്രസാദിപ്പിക്കയും അസാന്നിധ്യത്തിൽ ആദരവില്ലാതെ പ്രവർത്തിക്കയും ചെയ്യുന്നതു ജോലിക്കാർ ഒഴിവാക്കണം. അത്തരം കാപട്യക്കാർക്ക് ഒരവസരവും പൗലൊസ് നല്കുന്നില്ല. അതാണ് അടുത്ത് അവൻ ഊന്നൽ നല്കുന്നത്: ദാസൻ “വാദസ്വഭാവക്കാരൻ” ആകരുത്.

ദാസന്നു (അല്ലെങ്കിൽ വേലക്കാരനു) വേണ്ട മറ്റൊരു പ്രധാന മാതൃക അവൻ “ചെറിയ മോഷണക്കാരൻ”[15] ആകരുത്. ഇവിടത്തെ മനോഭാവം “അവൻ ധനികനാണ് [അല്ലെങ്കിൽ കമ്പനി വലുതാണ്]. അവൻ കുറച്ചു എടുത്താലും കുഴപ്പമൊന്നും ഇല്ല!” കലക്കവും അഴിമതിയും നിറഞ്ഞ രാജ്യത്ത് കോടിക്കണക്കിനു ഡോളർ മുടക്കി ബിസിനസ് നടത്തുന്ന “അമേരിക്കൻ നായകന്മാരായ” ഫ്രാങ്ക് ജെയിംസും ജെസിയും നടത്തുന്ന പണാപഹരണം നിയമത്തിനതീതമാണെന്നാണ് ചിലർ കരുതുന്നത്. ആ തെറ്റിനു വിപരീതമായി, പൗലൊസ് പറഞ്ഞ ദാസൻ (അല്ലെങ്കിൽ വേലക്കാരൻ) “സകല നല്ല വിശ്വാസവും” പ്രകടിപ്പിക്കണം (ഗ്രീക്ക്.: *അഗാത്തോസ്*). 2:5–ൽ “ദയ” എന്നു തർജ്ജിമ ചെയ്തിരിക്കുന്നതു ഇതേ ഗ്രീക്ക് വാക്കാണ്. റോബിൻസൺ ആ വ്യക്തിയെ കുറിച്ച് “നന്മക്കു തിരിച്ചറിയാവുന്നതും ഉയർന്നതുമായ യോഗ്യതകൾ, സ്വഭാവം ... സത്യസന്ധമായ ... ഉപയോഗമുള്ള ... പ്രയോജനമുള്ള എന്നിങ്ങനെ അറിയപ്പെടുന്നവൻ”[16] എന്നാണ് പറഞ്ഞത്.

ഈ നടപ്പു മാതൃകയാക്കുന്നവർ ഉപദേശത്തെ ആരോഗ്യപരമായി സൂക്ഷിക്കേണ്ടതിന് അത് “അലങ്കരിക്കണം.”[17] ബൈബിൾ മനോഹരമാക്കുന്ന വിധത്തിൽ ആളുകൾക്കു ജീവിക്കുവാൻ കഴിയും. ക്രൂശിന്റെ ആത്മിയ ഭടന്റെ ജീവിതത്തിൽ ദൈവിക കല്പനകളേക്കാൾ ആഹ്ലാദിപ്പിക്കുന്ന മറ്റൊന്നുമില്ലെന്നു കാണാം (നോക്കുക 2 കൊരിന്ത്യർ 3:2–6).

## പാഠം 4: എല്ലാ ക്രിസ്തീയ നടപ്പിന്റേയും അടിസ്ഥാനം (2:11-15)

വ്യത്യസ്ത കൂട്ടം ആളുകളെയും അവരുടെ വിവിധ ആവശ്യങ്ങ ളെയും വിവരിച്ചശേഷം, പൗലൊസ് പറഞ്ഞു "സകല മനുഷ്യർക്കും" രക്ഷ പ്രാപിക്കുവാൻ കഴിയും! സാധാരണ ഗതിയിൽ "ഫോർ" എന്ന വാക്ക് പരിചയപ്പെടുത്തി ദൈവ പദ്ധതി "സകല മനുഷ്യർക്കും," ഉള്ള താണെന്നു പൗലൊസ് തന്റെ ഉച്ചസ്ഥായിയിലുള്ള പ്രാർത്ഥനാ ഗീതമായി ദൈവശ്വാസിയ ഉപദേശത്താൽ ചുരുക്കി പറയുന്നു (2:11).

### ദൈവത്തിന്റെ കൃപ (വാ. 11-14)

പൗലൊസ് 2:11–14 ൽ പറഞ്ഞു,

> സകല മനുഷ്യർക്കും രക്ഷാകരമായ, ദൈവകൃപ ലഭിച്ചുവല്ലൊ, നാമോ ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ, യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷത ക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു, ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിനു, അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു; അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു, സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയു ള്ളോരു സ്വന്തജനമായി, തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെ ത്താൻ നമുക്കുവേണ്ടി കൊടുത്തു.

#### സാധ്യത (വാ. 11)

ദൈവകൃപ "ഉദിച്ചു." ദൈവമനസിൽ നൂറ്റാണ്ടുകളോളം ഉണ്ടായി രുന്നതും മനുഷ്യർക്കു മർമ്മം ആയിരുന്നതും പ്രകാശമായി അറി യായ്‌വന്നു (നോക്കുക റോമർ 16:25–27; 1 പത്രൊസ് 1:9–12; ഗലാത്യർ 4:4; 1 യോഹന്നാൻ 4:14; എഫെസ്യർ 3:3–11).

#### നടപടി (വാ. 12)

രക്ഷിക്കപ്പെടുവാൻ എല്ലാവരുടേയും പാപങ്ങൾ കഴുകി കളയണം (റോമർ 5:12). പാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെടുവാൻ, അവനോ അവളോ "അഭക്തിയും"[18] "ലൗകിക ആഗ്രഹങ്ങളും"[19] വിട്ടു കളഞ്ഞു ദൈവമുൻപാകെ നേരുള്ളവരാകണം (2:12). പെരുവയറന്മാരായ ധാരാളം ക്രേത്തർ ഈ ആഗ്രഹങ്ങളെ വെച്ചു പുലർത്തിയിരുന്നു; ഇന്നും ധാരാളം ആളുകൾ അതുപോലെയാണ്. ലോകത്തെ സ്നേഹിക്കുന്ന ഒരാളിൽ ദൈവസ്നേഹം വളരുകയില്ല (1 യോഹന്നാൻ 2:15–17). ക്രിസ്ത്യാനി, ലോകത്തി*ലാണ്* ജീവിക്കുന്നതെങ്കിലും, അവർ ലോകത്തി*നുള്ള*വരല്ല (യോഹന്നാൻ 17:11–16).

ക്രിസ്തീയ ജീവിത മാതൃക മൂന്നായി തിരിക്കാം. ഒന്ന്, ഓരോരു ത്തരും "സുബോധമാം വണ്ണം" ജീവിക്കണം. ഇതേ മൂലവാക്ക് തിത്തൊ സിൽ നാലു പ്രാവശ്യം കാണുന്നു (2:2, 5, 6, 12), അത് ഇന്ദ്രിയ – ജയ

ത്തിനു ആവശ്യപ്പെടുന്നു. "ഒരാൾ തന്നോടു സത്യസന്ധനാകണം" എന്ന തിനോടും "ഒരാൾ നന്നായി പെരുമാറണം" എന്നതിനോടും ഇത് യോജി ക്കുന്നു. ഈ പെരുമാറ്റം ഒരാളെ തന്നോടുതന്നെ ശരിയാക്കി, നല്ല മന സാക്ഷിയോടെ ജീവിക്കുവാൻ സഹായിക്കും. രണ്ട്, ക്രിസ്ത്യാനികൾ "നീതിപൂർവ്വകമായി" ജീവിക്കുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. ഈ ആശയം ഒരാൾ *തന്നിൽ തന്നെ* ഒതുങ്ങാതെ *മറ്റുള്ളവരുടെ മുൻപാകെ* നല്ല പെരുമാറ്റം പ്രകടിപ്പിക്കണം എന്നാണ്. മൂന്നു, നാം "ദൈവഭക്തി"[20] യോടെ ജീവിക്കുവാൻ പൗലൊസ് നമ്മോടു പറഞ്ഞിരിക്കുന്നു. ഈ ചുരുങ്ങിയ പ്രസ്താവനയിൽ മനുഷ്യന്റെ ആവശ്യങ്ങൾ എല്ലാം ഉൾപ്പെ ട്ടിരിക്കുന്നു! ഇവിടെ നമ്മോടു പറഞ്ഞിരിക്കുന്നതു നാം നമുക്കുവേണ്ടി യും, മറ്റുള്ളവരുടെ മുൻപിലും, ദൈവ മുൻപാകെയും നല്ല ജീവിതം നയിക്കുവാനാണ്. എല്ലാ ബന്ധങ്ങളെയും പൗലൊസ് ഉൾപ്പെടുത്തിയി രിക്കുന്നു.

**വാഗ്ദാനം (വാ. 13)**

ദൈവകൃപ ഉദിക്കുക മാത്രമല്ല (വാ. 11), അതു "നമ്മുടെ മഹാദൈ വവും രക്ഷിതാവുമായ, യേശുക്രിസ്തുവിന്റെ തേജസ്സുള്ള പ്രത്യാശ ക്കായി" അവസരവും ഒരുക്കിയിരിക്കുന്നു (2:13). ആ ഉന്നതനായ രക്ഷ കന്റെ ശോഭ അല്ലെങ്കിൽ അവന്റെ തേജസുള്ള പ്രത്യക്ഷത ഗ്രഹിക്കു വാൻ അല്ലെങ്കിൽ എഴുതുവാൻ മർത്യമനുഷ്യനു പ്രയാസമാണ് (നോക്കുക മത്തായി 17:1–5; യോഹന്നാൻ 1:18; 14:8, 9; 17:1, 5, 24), എന്നാൽ എന്തൊരു "അനുഗ്രഹീത പ്രത്യാശയും" ശക്തമായ സ്വാധീനവും ആണ് ഇപ്പോഴത്തെ നിത്യതക്കുള്ളത് (1 യോഹന്നാൻ 3:1–3).

വാസ്തവത്തിൽ, *യേശു ദൈവം ആണ്.* ഈ ദൈവശ്വാസിയ വസ്തുത നിഷേധിക്കുന്ന ഏതൊരു മത വ്യവസ്ഥയും, തീർച്ചയായും, എതിർ-ക്രിസ്തുവിന്റെ ആത്മാവിന്റെ മനോഭാവം ഉള്ളവരാണ് (നോക്കുക 1 യോഹന്നാൻ 4:1–6). ആ ദൈവം ഒരു ദിവസം വരുമ്പോൾ, അവനെ എല്ലാ കണ്ണും കാണും (വെളിപ്പാട് 1:7).

**വില (വാ. 14)**

അവൻ "തന്നെത്താൻ നമുക്കുവേണ്ടി നല്കപ്പെട്ടതു" കൊണ്ടു നമ്മുടെ പ്രത്യാശ വിശ്വസനീയമാണ്. പൗലൊസ് റോമർ 5:1–11-ൽ എഴുതി:

> ... വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്, നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; ... നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ, ക്രിസ്തു തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ, നമുക്കു വേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ

> പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ, നാം അവനാൽ എത്ര അധികമായി, ലോകത്തിൽ നിന്നു രക്ഷിക്കപ്പെട്ടു. ശത്രുക്കളായിരിക്കുമ്പോൾ തന്നേ, നമുക്കു അവന്റെ പുത്രന്റെ മരണത്താൽ, ദൈവത്തോടു നിരപ്പു വന്നു എങ്കിൽ, നിരന്ന ശേഷം നാം, അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിനു കാരണമായ, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.

സഭയെ യേശു ശുദ്ധീകരിപ്പാൻ തന്നെത്താൻ ഏല്പിച്ചു കൊടുത്തതു കൊണ്ടു, പൗലൊസ് അവൾക്കുവേണ്ടി കഷ്ടം സഹിച്ചതുകൊണ്ട് സന്തോഷിച്ചു (നോക്കുക എഫെസ്യർ 5:25–27; കൊലൊസ്യർ 1:24–27).

**ഉദ്ദേശം (വാ. 14)**

ഒന്നാമതു, ക്രിസ്തു തന്നെത്താൻ നല്കിയതുകൊണ്ട് അവനു മനുഷ്യവർഗ്ഗത്തെ "വീണ്ടെടുക്കുവാൻ"[21] കഴിഞ്ഞു. ഓരോ "അധർമ്മ പ്രവൃത്തിയിൽ നിന്നും" നമ്മെ വീണ്ടെടുപ്പാൻ അവനു യഥാർത്ഥത്തിൽ സാധിക്കും! അവൻ മുഖാന്തരം ദൈവത്തോടു അടുക്കുന്നവരെ പൂർണ്ണമായും രക്ഷിപ്പാൻ അവനു കഴിയുന്നു (എബ്രായർ 7:25; 5:8, 9). അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മാത്രമല്ല മരിച്ചത്, സർവ്വലോകത്തിന്റേയും പാപത്തിനുവേണ്ടിയാണ് (1 യോഹന്നാൻ 2:1, 2; 2 കൊരിന്ത്യർ 5:14, 15).

രണ്ടാമതു, പാപികളായിരുന്ന നമ്മെ നീതിമാനായ ദൈവ സന്നിധിയിൽ വീണ്ടെടുക്കേണ്ടതിനു, യേശു നമ്മെ "ശുദ്ധീകരിപ്പാൻ"[22] വന്നു. പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ച ചിലർ അവർ പുതിയ സൃഷ്ടികളായി തീർന്നതു കാണാത്തതുകൊണ്ട്, കുറ്റത്തിന്റെ നിഴലിൽ ജീവിക്കുന്നു (റോമർ 6:3–18; 2 കൊരിന്ത്യർ 5:17). യേശുവിന്റെ യാഗം "തന്നെക്കൊണ്ട് ഒരു ജനത്തെ ശുദ്ധീകരിപ്പാൻ" ആയിരുന്നു (നോക്കുക 2 കൊരിന്ത്യർ 6:16–18). നാം ഇപ്പോൾ അവന്നുള്ളവരാകുന്നു (1 കൊരിന്ത്യർ 6:19, 20), എന്നതു മഹത്വകരമായ ഒരു ചിന്തയാകുന്നു!

മൂന്നാമതു, അവന്റെ ലക്ഷ്യം "സൽപ്രവൃത്തിക്കു ശുഷ്ക്കാന്തി ഉള്ള" ഒരു ജനമായിരുന്നു. അദ്ധ്യായം 2 ലെ നിലവാരം കാണുകയും പിന്നെ അതനുസരിച്ചു ജീവിക്കണം എന്ന *ആഗ്രഹത്തോടെ ജ്വലിക്കുകയും* ചെയ്യുന്നവർ എത്ര പേരുണ്ട്? ദൈവത്തിന്റെ ഈ ഉദ്ദേശത്തിൽ നിങ്ങൾ എവിടെ നില്ക്കുന്നു?

### പൗലൊസിന്റെ കല്പന (വാ. 15)

പൗലൊസ് തിത്തൊസിനോടു പറഞ്ഞു, "ഇതു പൂർണ്ണ ഗൗരവത്തോടെ പ്രസംഗിക്കയും പ്രബോധിപ്പിക്കയും ശാസിക്കയും ചെയ്ക..." (2:15). ഈ ശക്തമായ, നിലവാരം – പുലർത്തുന്നതും, പ്രത്യാശ – നല്കുന്നതുമായ സത്യങ്ങൾ ഒരിക്കലും കേട്ടിട്ടില്ലാത്തവരോടു സംസാരിക്കണം.[23] മറ്റുള്ളവർ അതറിയുന്നുണ്ടോ എന്നു തീർച്ചയാക്കണം എന്നതാണ് ആശയം. മറ്റൊരു സന്ദർഭത്തിൽ, അല്ലെങ്കിൽ മറ്റുള്ളവരോടു, പ്രാസം

ഗികൻ "പ്രബോധിക്കണം."[24] ആവശ്യമെങ്കിൽ, ഒരു സുവിശേഷകൻ "ശാസിക്കുവാനും"[25] തയ്യാറാകണം. സകല അധികാരത്തോടും കൂടെ യാണ് ഇതു ചെയ്യേണ്ടത് (നോക്കുക മത്തായി 28:18, 19). ദൈവ കൃപയും സകല മനുഷ്യർക്കും അവന്റെ പുത്രന്റെ കഷ്ടാനുഭവവും യാഗവും മുഖാന്തരം ദൈവം സാധ്യമാക്കിയ ഉപകാരങ്ങളും ആളുകൾ നിഷേധി ക്കുവാനുള്ള പ്രേരണ നൽകുവാൻ ആരെങ്കിലും ശ്രമിച്ചാൽ അതു *പുറത്തു കാണിക്കേണ്ടതുണ്ട്!*

ചുരുക്കത്തിൽ, ഒരു സുവിശേഷകൻ എല്ലാവരേയും അറിയിക്കു കയും, ചിലരെ പ്രബോധിപ്പിക്കയും, മറ്റു ചിലരെ തുറന്നു കാണിക്കയും വേണം എന്ന് പൗലൊസിന്റെ ആജ്ഞ ആവശ്യപ്പെടുന്നു. "ആരും നിന്ദി ക്കപ്പെടാത്തവൻ ആയിരിക്കണം" ഒരു സുവിശേഷകൻ. പൗലൊസ് വിവ രിച്ച അതേ കാര്യങ്ങൾ അതേ ഉദ്ദേശത്തോടെ പഠിപ്പിക്കുന്ന ഏതൊരു സുവിശേഷകന്റെ സദസ്യരിൽ, കൂടുതലും ഉറങ്ങാതെ ഉണർന്നിരി ക്കുന്നവരായിരിക്കും, കാരണം അവൻ പഠിപ്പിക്കുന്നത് സത്യമാണ്. നിർവ്വ ചനവും വ്യാകരണ രീതിയും, അവിടത്തെ ആജ്ഞാസ്വഭാവവും, പ്രതി ധ്വനിപ്പിക്കുന്നത് ഒരു സുവിശേഷകൻ (1) സംസാരിക്കയും, (2) സംസാ രിച്ചുകൊണ്ടിരിക്കയും, (3) വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുവാൻ വിവിധ രീതികളിൽ പഠിപ്പിക്കയും, (4) എല്ലാവർക്കും ആയി നല്കിയി ട്ടുള്ള ദൈവ കൃപയുടെ പ്രാധാന്യത്തെ ആരും അവഗണിക്കാത്ത രീതി യിൽ പഠിപ്പിക്കയും *വേണം* എന്നാണ്!

---

കുറിപ്പുകൾ

[1]പത്ഥ്യ (ഗ്രീക്ക്.: *ഹുജിയായിനോ*) – "ആരോഗ്യമുള്ള, നന്നായിരിക്കുന്ന, ... ആരോഗ്യത്തിൽ, തെറ്റിൽ നിന്നു മുക്തമായ ... ഉറച്ച, ശുദ്ധമായ, ശരിയായ, ക്രിസ്തീയ ഉപദേശത്തിലും ജീവിതത്തിലും, തിത്തൊ. 1:13; 2:2 ... പത്ഥ്യോപ ദേശം ... വാസ്തവത്തിലുള്ള, ശുദ്ധമായ, മലിനപ്പെടാത്ത, 1 തിമൊ. 1:10; 6:3; 2 തിമൊ. 1:13; 4:3; തിത്തൊ. 1:9; 2:1" (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 736). [2]സുബോധം (ഗ്രീക്ക്.: *ഹെഫാലിയോസ്*) – "സുബോധ മുള്ള ... [പ്രത്യേകിച്ചു] വീഞ്ഞുമായുള്ള ബന്ധത്തിൽ ... ബോധമുള്ള – മനസ്, സൂക്ഷ്മതയുള്ള, ജാഗ്രതയുള്ള" (റോബിൻസൺ, 480). [3]അന്തസ്സുറ്റ (ഗ്രീക്ക്.: *സെമ്നോസ്*) – "മഹനീയമായ, പവിത്രമായ, ആദരിക്കുക; സ്വഭാവം നിമിത്തം ആദരിക്കപ്പെടുക, ബഹുമാനിക്കത്തക്ക ... 1 തിമൊ. 3:8, 11; തിത്തൊ. 2:2 ... ഫിലി. 4:8" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസെഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 573). [4]സുബോ ധമുള്ള (ഗ്രീക്ക്.: *സോഫ്റോൺ*) – "ഒരാളുടെ ഇന്ദ്രിയങ്ങൾക്കു ബോധം ഉള്ള ... ഒരാളുടെ ആഗ്രഹങ്ങളെയും ആവേശങ്ങളെയും അടക്കുക ... തിത്തൊ. 1:8; 2:2, 5" (തേയർ, 613); "... മനസ്സിന്റെ ഏകാഗ്രത, ആഗ്രഹങ്ങളെ നിയന്ത്രിക്കൽ,

അഭിലാഷങ്ങൾ, നടപ്പു എന്നിവ നിയന്ത്രിക്കൽ" (റോബിൻസൺ, 707). [5]ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് 1 തിമൊഥെയൊസ് 2:11–15 ന്റെ കുറിപ്പുകളിൽ നോക്കുക, സ്ത്രീകൾക്കു പഠിപ്പിക്കാവുന്ന രീതി, അതിൽ പുരുഷന്മാരെ പഠിപ്പിക്കുന്നതും ഉൾപ്പെടുന്നു. [6]ആദരണീയമായ (ഗ്രീക്ക്.: *ഹെയിരോപ്രെപെസ്*) – പെരുമാറ്റം "ഒരു വ്യക്തിയോ വിശുദ്ധ സ്ഥലമോ ... വിശുദ്ധി, ആദരണീയമായ, തിത്തൊ. 2:3 ... ക്രിസ്തീയ വേലയെ അലങ്കരിക്കുന്ന നടപ്പു" (റോബിൻസൺ, 346). [7]പ്രോത്സാഹിപ്പിക്കുക (ഗ്രീക്ക്.: *സോഫ്രോണിസോ*) – "ഒരാൾ തന്റെ ബോധത്തിലേക്കു തിരിച്ചു വരിക, മിതപ്പെടുത്തുക, അടക്കം വരുത്തുക, അച്ചടക്കം, തന്റെ ജോലിക്കു ഒരാളെ ക്രമീകരിക്കുക ... തിത്തൊ. 2:4" (തേയർ, 613). [8]സ്നേഹം (ഗ്രീക്ക്.: *ഫിലാന്ത്രോസ്*) – "അവളുടെ ഭർത്താവിനെ സ്നേഹിക്കൽ: തിത്തൊ. 2:4." മൂലവാക്ക്, *ഫിലെയോ*, അർത്ഥമാക്കുന്നത് "... സ്നേഹിക്കുക, ഒരാളോടു സ്നേഹമായിരിക്കുക ... സന്തോഷിക്കുക, കാംക്ഷിക്കുക ... സന്തോഷത്തോടെ ചെയ്യുക ... ചുംബിക്കുക ... ദയയോടെ ഒരാളോടു പെരുമാറുക; *ഫിലേയിൻ* അർത്ഥമാക്കുന്നത് ബോധ്യത്തിലേക്കും വികാരത്തിലേക്കും ചേരൽ" (തേയർ, 653). [9]ശുദ്ധമായ (ഗ്രീക്ക്.: *ഹാഗ്നോസ്*) – "ആവേശത്തോടെയുള്ള ആദരവു, ആദരിക്കത്തക്ക, പരിശുദ്ധം ... പ്രാകൃത സ്വഭാവത്തിൽ നിന്നു വിശുദ്ധമായ, ... യോഗ്യമായ, തിത്തൊ. 2:5" (തേയർ, 8); "... നിരപരാധിയായ, കുറ്റമില്ലാത്ത ... ഫിലി. 4:8; 1 തിമൊ. 5:22 ... 1 പത്രൊ 3:2" (റോബിൻസൺ, 9). [10]കീഴ്പ്പെടുക (ഗ്രീക്ക്.: *ഹുപോറ്റാസോ*) – "കീഴിലാക്കുക ... തന്നെത്താൻ കീഴ്പ്പെടുത്തുക, അനുസരിക്കുക: ഒരാളുടെ നിയന്ത്രണത്തിലേക്ക് കീഴ്പ്പെടുത്തുക; ഒരാളുടെ പ്രബോധനത്തിനോ ഉപദേശത്തിനോ കീഴ്പ്പെടുക" (തേയർ, 645).

[11]കീഴ്പ്പെടൽ എന്നതിനെ കുറിച്ചുള്ള ചർച്ചയോടൊപ്പം ഈ പുസ്തകത്തിൽ ആദ്യം കാണുന്ന 1 തിമൊഥെയൊസ് 2:9–15 ഉം നോക്കുക. [12]അപമാനിക്കുക (ഗ്രീക്ക്.: *ബ്ലാസ്ഫെമിയോ*) – "നിന്ദ്യമായി സംസാരിക്കുക, പുഛരിക്കുക, ദേഷ്യപ്പെടുക ... ദുഷിച്ചു സംസാരിക്കുക. ... മോശമായി മനപ്പൂർവ്വമായി ദൈവത്തോട് ആദരവില്ലാത്ത വിശുദ്ധമായ കാര്യങ്ങളെ പറയൽ" (തേയർ, 102). [13]കാണിക്കുക (ഗ്രീക്ക്.: *പരേക്കോ*) – "എത്തുക, നല്കുക, കാണിക്കുക, കഴിയുക, നല്കുക ... ഒരാൾക്ക് ഉണ്ടായിരിക്കുവാൻ കാരണമാകുക: കൊടുക്കുക, കൊണ്ടുവരിക, എന്തിനെങ്കിലും ഒരാൾ കാരണമായി തീരുക ... ഒരാളുടെ വ്യക്തിത്വത്തെ അവതരിപ്പിക്കുക" (തേയർ, 488). [14]വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960), 289–90. [15]ചെറുമോഷണം (ഗ്രീക്ക്.: *നോസ്ഫിസോ*) – "വേർപെടുക, വിഭജിക്കുക, ഭിന്നിപ്പിക്കുക ... ഒരാളെ വേർപെടുത്തുക ... പണാപഹരണം" (തേയർ, 429). [16]റോബിൻസൺ, 3–4. [17]അലങ്കരിക്കുക (ഗ്രീക്ക്.: *കോസ്മോസ്*) – "സാമർത്ഥ്യമുള്ളതും യോജിപ്പോടെയുമുള്ള ഏർപ്പാട് ... ക്രമം ... ആഭരണം, അലങ്കാരം" (തേയർ, 356). [18]അഭക്തി (ഗ്രീക്ക്.: *അസെബെയിയാ*) – "ദൈവത്തോടുള്ള ആദരവു ആഗ്രഹിക്കുക, ഭക്തി ... റോമ. 1:18; 2 തിമൊ. 2:16; തിത്തൊ. 2:12 ... അഭക്തിയോടെയുള്ള പ്രവൃത്തി" (തേയർ, 79). [19]ആഗ്രഹങ്ങൾ (ഗ്രീക്ക്.: *എപിത്തുമിയ*) – "ആഗ്രഹം, കാംക്ഷിക്കുന്ന, നോക്കി പാർത്തിരിക്കുക, *വിലക്കിയിരിക്കുന്നതു ആഗ്രഹിക്കുക*" (തേയർ, 238–9). [20]ദൈവികമായ (ഗ്രീക്ക്.: *യൂസേബോസ്*) – "ഭക്തിയോടെ, മതപരമായി ... 2 തിമൊ. 3:12; തിത്തൊ. 2:12" (റോബിൻസൺ, 307).

[21]വീണ്ടെടുക്കുക (ഗ്രീക്ക്.: *ലുട്രൂ*) – "മറുവിലകൊടുത്തു വിടുവിക്കുക ... മറുവില കൊടുത്തു സ്വതന്ത്രരാക്കി ... ദുഷ്ടതയിൽ നിന്നു ... വിടുവിക്കുക" (തേയർ, 384). [22]നിർമ്മലമായി (ഗ്രീക്ക്.: *കാത്താരിസോ*) – "ശുദ്ധമാക്കുക ... ധാർമ്മികമായി ... പാപത്തിന്റെ അഴുക്കിൽ നിന്നു മോചിതരാക്കുക ... ദുഷ്ടത യിൽ നിന്നു ശുദ്ധമാക്കുക ... പാപത്തിന്റെ കുറ്റത്തിൽ നിന്നു സ്വതന്ത്രരാക്കുക, ശുദ്ധീകരിക്കുക" (തേയർ, 312). [23]സംസാരിക്കുക (ഗ്രീക്ക്.: *ലാലെയോ*) – ഒരാൾ സമാധാനം പിടിച്ചിരിക്കുന്നതിനു എതിരായി; "നിശബ്ദനാകാതെ ... പറയുക ... ഒരാളുടെ മനസ്സിലുള്ളതു പറയുകയും ഒരാളുടെ ചിന്തകൾ വെളിപ്പെടുത്തു കയും ചെയ്യുക" (തേയർ, 268–70). [24]പ്രബോധിപ്പിക്കുക (ഗ്രീക്ക്.: *പാരാകലെ യൊ*) – "യാചിക്കുക, ഓർപ്പിക്കുക, അഭ്യർത്ഥിക്കുക, ആശ്വസിപ്പിക്കുക, സമാ ധാനിപ്പിക്കുക." (തേയർ, 482–83). [25]ശാസിക്കുക (ഗ്രീക്ക്.: *എലെഗ്ക്കോ*) – "ബോധ്യപ്പെടുത്തുക, ചെറുക്കുക, തിരുത്തുക, തെറ്റിനെ വെളിപ്പെടുത്തുക, മുത ലായവ." (തേയർ, 202–3). "ക്രിസ്തുവിന്റെ നിമിത്തം നിത്യജീവന്റെ പ്രത്യാശ ജനിപ്പിക്കുന്നു" എന്ന ഭാഗത്തിലെ 1:9 ന്റെ കുറിപ്പു നോക്കുക (തിത്തൊസ് 1).